**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 398** **13-01-2021 - ൽ മറുപടിയ്ക്ക്**

**ഓട്ടിസം പാർക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചതും ഒട്ടിസം ബാധിച്ച വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും പിന്തുണ നൽകുന്നതിനായി ജില്ലയിൽ ഒന്നു വീതമുള്ള 7 കോടി രൂപയുടെ 'ഓട്ടിസം പാർക്ക് പദ്ധതി' പ്രാവർത്തികമായിട്ടുണ്ടോ; | (എ) | 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2202-01-101-76 (പി) എന്ന ശീർഷകത്തിൽ (റവന്യൂ സെക്ഷൻ) വകയിരുത്തിയിരുന്ന 280 ലക്ഷം രൂപയും 4202-01-201-92 (പി) എന്ന ശീർഷകത്തിൽ (ക്യാപ്പിറ്റൽ സെക്ഷൻ) അടിസ്ഥാന സൗകര്യ വികസനത്തിനായി മൂലധന ചെലവിനത്തിൽ വകയിരുത്തിയിരുന്ന 420 ലക്ഷം രൂപയും ചേർത്ത് 700 ലക്ഷം രൂപ വിനിയോഗിച്ച് 14 സർക്കാർ സ്കൂളുകളിൽ (14 x 50 ലക്ഷം രൂപ) പദ്ധതി രേഖയിൽ അനുശാസിക്കും വിധം ഓട്ടിസം പാർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 14 നിയോജക മണ്ഡലങ്ങളെ തെരഞ്ഞെടുത്തുകൊണ്ട് സർക്കാർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തുണ്ടായ മഹാ പ്രളയത്തിന്റെ ഭാഗമായി ചില പ്ലാൻ ശീർഷകത്തിൽ നിന്നുള്ള തുക കുറവു ചെയ്തുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകകളും കുറവു ചെയ്തു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെഅടിസ്ഥാനത്തിൽ ഒന്നാം ഘട്ടത്തിൽ 8 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരുന്നത്. പ്രസ്തുത 8 സ്കൂളുകളെ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഭേദഗതി വരുത്തിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓട്ടിസം പാർക്ക് പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷത്തിൽ 2202-01-101-76 (പി) എന്ന ശീർഷകത്തിൽ അനുവദിച്ച (റവന്യൂ സെക്ഷൻ) 200ലക്ഷം രൂപയും 4202-01-201-92 (പി) എന്ന ശീർഷകത്തിൽ അനുവദിച്ച (ക്യാപ്പിറ്റൽ സെക്ഷൻ) 100 ലക്ഷം രൂപയും ചേർത്ത് ആകെ 300 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക തെരഞ്ഞെടുത്ത 8 സ്കൂളുകളിൽ ഒരു സ്കൂളിന് 37.50 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | കണക്കിൽ പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലേക്ക് ഡെപ്പോസിറ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി ധനവകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഓട്ടിസം പാർക്ക് പദ്ധതിയ്ക്ക് 2019-2020 സാമ്പത്തിക വർഷം 3 കോടി രൂപ ചെലവായിട്ടുണ്ട്. |
| (സി) | 200 തദ്ദേശസ്ഥാപനങ്ങളിൽ 'ബഡ്സ് സ്കൂൾ പദ്ധതി' തുടങ്ങുന്നതിന് ധനകാര്യവകുപ്പ് ബജറ്റിൽ പ്രഖ്യാപിച്ചതും ഇതുവരെ ചെവഴിച്ചതുമായ തുകയുടെ വിവരങ്ങൾ നൽകാമോ? | (സി) | 200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 'ബഡ്സ് സ്കൂൾ പദ്ധതി' തുടങ്ങുന്നതിന് ഒരു സ്ഥാപനത്തിന് 25 ലക്ഷം രൂപ വീതമാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിന്റെ ഒന്നാം ഗഡുവായി ഒരു സ്ഥാപനത്തിന് 12.5 ലക്ഷം രൂപ വീതവും, ചിലവഴിച്ച് തീരുന്നതനുസരിച്ച് രണ്ടാം ഗഡുവായി അടുത്ത 12.5 ലക്ഷം രൂപയും ആണ് പ്രഖ്യാപിച്ചിരുന്നത്. കുടുംബശ്രീ മുഖേന 200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കണ്ടെത്തുകയും അവയ്ക്ക് ഒന്നാം ഗഡു ആയി 12.5 ലക്ഷം രൂപ വീതം ആകെ 25 കോടി രൂപ നൽകിയിട്ടുമുള്ളതാണ്. ഇതിൽ 145 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബഡ്സ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് നൽകിയ തുകയിൽ നിന്നും 63890001 (ആറ് കോടി മുപ്പത്തിയെട്ട ലക്ഷത്തി തൊണ്ണൂറായിരത്തി ഒന്ന് രൂപ മാത്രം) രൂപഇതുവരെ ചിലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ